# BVM HS KALLETTUMKARA





# ACADEMIC MASTER PLAN 2025-26

## **CROPS**

**(Class Room Opportunities Performance of Students)**



*bvmhskallettumkara@yahoo.com*

phone:9656561059

# ആമുഖം

ഒരു വിദ്യാലയം തുറക്കുമ്പോൾ നൂറ് കാരാഗൃഹങ്ങൾ അടയ്ക്കപ്പെടുന്നു.

- വിക്ടർ ഹ്യൂഗോ-

മനുഷ്യനിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം

- സ്വാമി വിവേകാനന്ദ-

*QUALITY EDUCATION FOR ACADEMIC EXCELLENCE AND ECO-FRIENDLY ATTITUDE*

**മുകളിൽ കൊടുത്ത രണ്ടു വാക്യങ്ങളും വിദ്യാലയത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പ്രാധാന്യത്തെ വിളിച്ചോതുന്നു.നമ്മളൊക്കെയും കാലങ്ങളിൽ യാത്ര ചെയ്യുന്നവരാണ്. യാത്രയിൽ നമുക്ക് അറിവും അനുഭവവും ഉണ്ടാകുന്നു.ഇത്തരമൊരു അറിവിനും അനുഭവങ്ങൾക്കുമപ്പുറം ചാക്രികമായ അറിവിന്റെ കൊടുക്കൽവാങ്ങലുകൾക്ക് കൂടുതൽ സാധ്യതയൊരുക്കുന്ന അക്കാദമിക സ്ഥാപനങ്ങളാണ് വിദ്യാലയങ്ങൾ. ഈ ഭൂമിയിലുള്ള അറിവിന്റെ വെളിച്ചം അശരണരും ദുർബലരുമായ സാധാരണ മനുഷ്യന് പകർന്നുനൽകിയതിൽ നമ്മുടെ സ്കൂളുകൾ വഹിച്ച പങ്ക് നിസ്തുലമാണ്.അധീശവർഗത്തിന്റെ അടയാളമായിരുന്ന അറിവിനെ അധഃസ്ഥിതരുടെ പടവാളാക്കി മാറ്റുകയാണ് നാം ചെയ്തത്.മണ്ണിനോട് മല്ലിടുന്ന കൂലിവേലക്കാർക്കും അന്നന്നു വേണ്ട ആഹാരത്തിനായി കഷ്ടപ്പെടുന്നവരുടെ മക്കൾക്കും ഒരു കാലത്ത് അപ്രാപ്യമായിരുന്ന വിദ്യയെ അവർക്കിടയിൽ സാർവ്വത്രികമാക്കുന്നതിൽ ഈ മാതൃസ്ഥാപനം വലിയൊരു മുന്നേറ്റമാണ് നടത്തിയത്.**

# കാഴ്ചപ്പാട്

ഉള്ളടക്കത്തിലും പ്രയോഗത്തിലും, സമീപനത്തിലും, സാമൂഹിക കാഴ്ച്ചപ്പാട് ഉൾക്കൊള്ളുന്ന നിലവിലെ പാഠ്യപദ്ധതിക്കനുഗുണമായുള്ള ഒരു അക്കാദമിക മാസ്റ്റർ പ്ലാനാണ് വിദ്യാലയത്തിനു വേണ്ടി തയ്യാറാക്കിയിരിക്കുന്നത് .ചലനാത്മകവും വികസനോന്മുഖവും, പ്രശ്നങ്ങളെ മുറിച്ച് കടക്കാനുള്ള പ്രായോഗിക ശേഷി നൽകുന്നതുമായ ഒരു സർഗാത്മക പ്രവർത്തനമായി പഠനത്തെ മാറ്റിയെടുക്കാൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് പ്ലാനിന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിരിക്കുന്നത് ..

അഞ്ചാം തരം  മുതൽ പത്താം തരം വരെ മലയാളം, ഇംഗ്ലീഷ് മീഡിയം ഉൾപ്പെടെ  5,6,7,9,10  ക്ല്സ്സുകളിൽ രണ്ടു ഡിവിഷനുകളും 8–ാം ക്ളാസ്സിൽ മൂന്നു ഡിവിഷനുകളിലുമായി കുട്ടികൾ ഇവിടെ പഠിക്കുന്നു.   അതിന്റെ അർത്ഥത്തിലും വ്യാപ്തിയിലും ഉൾക്കൊള്ളുകയും പ്രയോഗിക്കുകയുമാണ് അക്കാദമിക സമൂഹം ചെയ്യേണ്ടത്.അതിനു പര്യാപ്തമായ വിധത്തിൽ വിദ്യാലയ അന്തരീക്ഷം ഭൗതികവും അക്കാദമികവുമായ അതിന്റെ സാഹചര്യങ്ങൾ മാറേണ്ടതുമാണ്.

# വിദ്യാലയ ചരിത്രം

1945 ലാണ് ഈ വിദ്യാലയത്തിന് സർക്കാർ അനുമതി ലഭിച്ചത്.ബിഷപ്പ് വാഴപ്പിള്ളി മെമ്മോറിയൽ ലോവർ സെക്കൻഡറി സ്കൂൾ എന്നായിരുന്നു പേര് . 1946 47 അധ്യയനവർഷത്തിൽ പ്രിപ്പറേറ്ററിയും, ഫസ്റ്റ് ഫോം ക്ലാസുകളും ആരംഭിച്ചു.
ശ്രീ യു എം പൗലോസ് മാസ്റ്റർ ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. കല്ലേറ്റുംകരയിലെ കാത്തലിക് എഡ്യൂക്കേഷൻ ട്രസ്റ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൻറെ ഉടമസ്ഥതയിലാണ് ഈ വിദ്യാലയം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സ്ഥാപക മാനേജർ ശ്രീ പി എ ജോൺ ആയിരുന്നു . 1957 ഈ വിദ്യാലയം ഒരു ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. ആദ്യ ഹെഡ്മാസ്റ്റർ ശ്രീ പി പി ജോർജ് മാസ്റ്റർ ആയിരുന്നു. അതിനുശേഷം തുടർച്ചയായി 18 വർഷക്കാലം ശ്രീ ടി ഓ പൈലപ്പൻ മാസ്റ്റർ ആയിരുന്നു ഹെഡ്മാസ്റ്റർ.
കഴിഞ്ഞ 27 വർഷമായി എസ്എസ്എൽസി പരീക്ഷയിൽ ഉന്നത വിജയം നേടാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട് .19 വർഷമായി തുടർച്ചയായ 100 മേനി വിജയവും. 2007 മുതൽ തുടർച്ചയായി എസ്എസ്എൽസി പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികളും നൂറുമേനി വിജയത്തോടെ ഉന്നത വിജയം കരസ്ഥമാക്കിയിട്ടുണ്ട്. കലാകായികരംഗത്ത് മികച്ച താരങ്ങളെ നാടിനു സംഭാവന ചെയ്യുവാനും ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. സാമൂഹിക,രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പല പ്രമുഖ വ്യക്തികളും ഈ വിദ്യാലയത്തിലെ പൂർവവിദ്യാർത്ഥികൾ ആണെന്നത് ഏറെ അഭിമാനമാണ്. സജീവമായി പ്രവർത്തിക്കുന്ന ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ് ,റെഡ് ക്രോസ് ,ഭാഷാ ക്ലബ്ബുകൾ ,ഗണിത സാമൂഹ്യ ശാസ്ത്ര ഐടി ക്ലബ്ബുകൾ ,പരിസ്ഥിതി ആരോഗ്യ ക്ലബ്ബുകൾ ,ഗാന്ധി ദർശൻ ക്ലബ് എന്നിവയും ഇവിടെയുണ്ട് .സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് തണലായി ഇവിടുത്തെ അദ്ധ്യാപകർ,അനദ്ധ്യാപകർ, പിടിഎ, പൂർവ വിദ്യാർത്ഥികവ്വ,പൂർവ അദ്ധ്യാപകർ,നല്ലവരായ നാട്ടുകാർ തുടങ്ങി ഒട്ടേറെ പേർ പ്രതിബദ്ധതയോടെ വർത്തിക്കുന്നു.
മലയാളത്തിലെ മിക്ക പ്രസിദ്ധീകരണങ്ങളും പത്രങ്ങളും വായിക്കത്തക്ക രീതിയിലുള്ള നല്ലൊരു റീഡിങ് ഹാൾ ഇവിടെ പ്രവർത്തിക്കുന്നു. കാലാകാലങ്ങളിൽ വരുന്ന മാനേജർമാരും പിടിഎ മാതൃ സംഗമം ഭാരവാഹികളും സ്കൂളിന്റെ വളർച്ചയ്ക്ക് മഹത്തായ പ്രചോദനം നൽകിക്കൊണ്ടിരിക്കുന്നു.

## നിലവിലെ സ്ഥിതി

### മികവുകൾ

നിലവിൽ 18 അദ്ധ്യാപകരും 4 അനദ്ധ്യാപകരും ഇവിടെ സേവനമനുഷ്ടിക്കുന്നു. 373 വിദ്യാർത്ഥികളാണ് ഇവിടെ പഠിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ അക്കാദമിക വർഷങ്ങളിലെ മികവുകൾ ഈ വർഷത്തെ പ്രവേശനത്തിൽ ഉണർവുണ്ടാക്കി.

നിലവിലുള്ള അദ്ധ്യാപകർ നിരവധി വർഷമായി ഇവിടെ തുടരുന്നവരാണ്.അധ്യാപകർക്ക് നൽകി വരുന്ന പരിശീലന പരിപാടിയിൽ മുഴുവൻ അധ്യാപകരും പങ്കെടുക്കുന്നുണ്ട്.കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി പരിശീലനവേളയിൽ നേടിയ അനുഭവങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്.ക്ലാസ് മുറിയിലെ കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ പഠനപ്രവർത്തനത്തിലും പ്രക്രിയകളിലും മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട് മുന്നോട്ട് പോകാൻ കഴിയുന്നുണ്ട് .ഓരോ അധ്യാപർക്കുമുള്ള സവിശേഷ കഴിവുകൾ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് പകർന്നുകൊടുക്കാൻ ശ്രമിക്കുന്നുണ്ട്.സ്കൂൾ തലത്തിൽ വിവിധ മേളകൾ നടത്തുന്നതിനാവശ്യമായ ആസൂത്രണങ്ങൾ എസ്.ആർ.ജി.യിൽ വേണ്ട രീതിയിൽ നടത്തുന്നുണ്ട്.അവരവരുടെ കഴിവുകൾ ക്കനുസരിച്ച രീതിയിൽ ചുമതലകൾ വിഭജിച്ച് നൽകിയാണ് സ്കൂൾ തല മേളകൾ സംഘടിപ്പിക്കിന്നത്.വിവിധ മേളകളിലും മറ്റ് മൽ സരങ്ങളിലും സബ് ജില്ലാ-ജില്ലാ -സംസ്ഥാന തലം വരെ നമ്മുടെ കുട്ടികളെ പങ്കെടുപ്പിക്കാൻ സാധിച്ചു. കുട്ടികളുടെ രക്ഷിതാക്കളുമായി ആഴത്തിലുള്ള ബന്ധം പുലർത്തുന്നതും ക്ലാസ്സ് പി.ടി.എകളിൽ നടക്കുന്ന സജീവമായ തുറന്ന ചർച്ചകളും

അക്കാദമിക പ്രവർത്തനങ്ങൾക്ക് മേന്മയേകാൻ സഹായകമാകുന്നു.വിമർശനങ്ങളെ പോസിറ്റീവായി

എടുത്തുകൊണ്ട് വരും കാലപ്രവർത്തനങ്ങളിൽ മാറ്റങ്ങൾ വരുത്താനും നമുക്ക് സാധിക്കുന്നു. ഹൈസ്കൂൾ ക്ലാസ്സുകൾ എല്ലാ തന്നെ ഹൈടെക് ആണ്. വിദ്യാർത്ഥികൾക്കായുള്ള തീർത്തും സൗജന്യ യാത്രാസൗകര്യത്തിനായി മാനേജ്മെൻറ് ഒരു സ്കൂൾ ബസും അദ്ധ്യാപകർ ഒരു ട്രാവലറും സജ്ജമാക്കിയിട്ടുണ്ട്.വിശാലമായ കമ്പ്യൂട്ടർ ലാബും, കളിസ്ഥലവും, വലിയ ശേഖരമുള്ള പുസ്തകശാലയും,അനന്ത സാധ്യതയുള്ള ശാസ്ത്ര ലാബും വിദ്യാലയത്തിനു സ്വന്തമായുണ്ട്.പോഷക സമൃദ്ധമായ ഉച്ചഭക്ഷണം പാകപ്പെടുത്തുന്നതിന് നല്ലൊരു അടുക്കളയും ഉണ്ട്.ആവശ്യത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യവും സമൃദ്ധമായ ജലലഭ്യതയുമുണ്ട്. സ്കൂളിന്റെ തനതു പ്രവർത്തനമായ സാന്ത്വന ഭവന പദ്ധതിയുടെ 7–ാ ഭവനത്തിന്റെ താക്കോൽ വിദ്യാലയത്തിലെ ആറാം ക്ലാസ്സിലും ഒൻപതാം ക്ലാസ്സിലും പഠിക്കുന്ന പെൺകുട്ടികൾക്കു നല്കുകയുണ്ടായി.






* ഈ അക്കാദമിക വർഷം സ്കൂളിന്റെ പ്രീ കെ ഇ ആർ കെട്ടിടത്തിന്റെ ദുർബലമായ ഓട് മേഞ്ഞ മേൽക്കൂര മാറ്റി ഷീറ്റ് മേഞ്ഞ് സീലിങ് ചെയ്തു.അവിടെ ഫ്ലോർ ടൈലിട്ടു. കേടുപാടു സംഭവിച്ച സ്കൂളിനു മുൻപിലുള്ള മതിലും പുതുക്കിപ്പണിതു.

## പരിമിതികൾ

*സ്കൂളിന്റെ ഭൗതീക സാഹചര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് അതിന്റെ ഉടമസ്ഥാവകാശ തർക്കം തടസ്സമാകുന്നു.

*സാമ്പത്തികമായും, സാമൂഹികമായും, വിദ്യാഭ്യാസ പരമായും പിന്നോക്കാവസ്ഥയിലുള്ളവരാണ് രക്ഷിതാക്കളിൽ ഭൂരിഭാഗവും. അതു കൊണ്ടു തന്നെ ക്ലാസ് മുറികളിലെ പ്രവർത്തനങ്ങളുടെ തുടർച്ചയായുള്ള വീടുകളിലെ പ്രവർത്തനങ്ങൾ തീർത്തും നിരാശാജനകമാണ്.

*വിദ്യാലയ വികസന സമിതിയുടെ നേതൃത്വത്തിൽ വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഭൗതിക മേഖലയിൽ ഇനിയും ഏറെ മെച്ചപ്പെടുത്തലുകൾ ആവശ്യമാണ്. ഉച്ചഭക്ഷണ

പദ്ധതി നന്നായി നടക്കുന്ന വിദ്യാലയത്തിൽ പക്ഷേ, ഡൈനിംഗ് ഹാൾ ഇല്ല.

## ലക്ഷ്യങ്ങൾ

* ഓരോ കുട്ടിയെയും ഓരോ യൂണിറ്റായിക്കണ്ട് ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പു വരുത്തുക.
* അവന്റെ / അവളുടെ അക്കാദമിക-അക്കാദമികേതര കഴിവുകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക.
* അക്കാദമിക പ്രവർത്തനങ്ങൾക്ക് കരുത്തു പകരുന്ന പ്രകൃതി വിഭവങ്ങളെ പരിചയപ്പെടുത്തുന്നതോടൊപ്പം അതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഫാക്കൾട്ടികളുടെ സേവനം ഉറപ്പു വരുത്തുക.
* ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.
* കലാ കായിക പ്രവൃത്തി പരിചയമേളകളിലെ മികവിനായൊരുക്കുക.

* സമൂഹത്തിനും കുടുംബത്തിനും ഉപകാരമുള്ള നന്മ മരങ്ങളാക്കി ഓരോ കുട്ടിയേയും വാർത്തെടുക്കുക.

* ആത്മ വിശ്വാസവും ആത്മ നിയന്ത്രണവും കൃത്യനിഷ്ഠയും ഉള്ള പൗരന്മാരാക്കുക.

* ഭിന്നശേഷിക്കാരെയും പിന്നോക്കാവസ്ഥയിലുള്ളവരേയും മുഖ്യ ധാരയിലേക്കെത്തിക്കുക.

*ഗിഫ്റ്റഡ് വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേക പരിശീലനങ്ങൾ നല്കുക.

*പത്താം തരത്തിൽ സാധ്യമാകുന്ന എല്ലാ വിദ്യാർത്ഥികൾക്കും എ പ്ലസ് കരസ്ഥമാകും വിധം പരിശീലനങ്ങൾ നല്കുക.

*കുട്ടികൾ മുടക്കം കൂടാതെ വിദ്യാലയത്തിൽ എത്തുന്നുണ്ടെന്ന ഉറപ്പു വരുത്തുക.

* രക്ഷിതാക്കളുമായി കൂടുതൽ ആഴത്തിലുള്ള ബന്ധം സ്ഥാപിക്കുക.

## ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ബി വി എം ന്റെ 2025-26 അക്കാദമിക വർഷ തനതു പ്രവർത്തനം

വിദ്യാത്ഥികളെ ഓരോ ക്ലാസ്സിലും അഞ്ചു ഗ്രൂപ്പാക്കി തിരിച്ചു (അക്കദമികം,കായികം,കാഷികം,കല,ആഭ്യന്തരം) അഞ്ചു മന്ത്രിമാരെ ചുമതലപ്പെടുത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി അദ്ധ്യാപക കണവീനർമാരെ നിയോഗിക്കുകയും മാസാന്ത്യത്തിൽ റിപ്പോർട്ട് ക്ലാസ്സുകളിൽ അവതരിപ്പിച്ച് ഏറ്റവും നല്ല ക്ലാസ്സിനു ഓപ്പൻ അസ്സംബ്ലിയിൽ വച്ച് സമ്മാനങ്ങൾ നല്കി ആദരിക്കുന്നു.

# CROPS

## വിദ്യാഭ്യാസം

ക്ലാസ്സിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക

☞NOTE, TEXT മറ്റു പഠനോപകരണങ്ങൾ എല്ലാവർക്കും ഉണ്ട്

☞HOME WORK എല്ലാവരും ചെയ്യുന്നു

☞വീട്ടിൽ പഠനം ഉണ്ട് രക്ഷിതാക്കൾ സാക്ഷ്യപ്പെടുത്തുന്നു

☞EXAM ക്ലാസ്സിലെ വിജയം 100%ൽ എത്തിക്കുക




☞മാർക്ക് സ്കോർ ഉയർത്തുക

☞എല്ലാവരെയും ഉയർത്തി കൊണ്ടുവരാൻ സഹപഠനം പ്രോത്സാഹിപ്പിക്കുക

☞ലൈബ്രറി വായന,എഴുത്ത് എന്നിവ വളർത്തുക

☞ക്ലാസ്സ് ലൈബ്രറി സജീവമാക്കുക

☞ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക

☞ഒരു ദിവസം അഞ്ചു GK പഠിക്കുക. GK ബുക്കിൽ എഴുതുക


☞ക്ലാസ്സ്തല ഉയർന്ന പെർഫോമൻസിന് പ്രോത്സാഹനം നൽകുക

☞ക്ലാസ്സ് തലത്തിൽ SUBJECT മികവുകൾ രേഖപ്പെടുത്തുക

☞ INSPIRE AWARD, NMMS, NUMAT EXAM, USS SCHOLARSHIP പരീക്ഷകൾക്ക് തയ്യാറാക്കുക

☞വാർത്ത ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക

☞CPTA ൽ വകുപ്പ് പ്രവർത്തനങ്ങൾ റിപ്പോർട്ട് അവതരിപ്പിക്കുക...



# CROPS

## ആഭ്യന്തരം

**കുട്ടികളിൽ സ്വയം അച്ചടക്കവും സ്വഭാവശുദ്ധിയും വളർത്തിയെടുത്ത് ദുശ്ശീലങ്ങൾ ഇല്ലാത്ത ക്ലാസ് റൂം ആൻഡ് സ്കൂൾ**





- ☞ എല്ലാദിവസവും ക്ലാസ് അറ്റൻഡൻസ് യൂണിഫോം എന്നിവ ശ്രദ്ധിക്കും
- ☞ ക്ലാസ്സിൽ വൈകി വരുന്ന അവസ്ഥ ഒഴിവാക്കും
- ☞ ഇന്റർവല്ലുകളിലും പുറത്തുപോകുമ്പോഴും അച്ചടക്കവും മര്യാദയും പാലിക്കുക
- ☞ കുട്ടികൾക്കിടയിൽ നല്ല സൗഹൃദവും സ്നേഹവും പരസ്പര ബഹുമാനവും വളർത്തിയെടുക്കുക
- ☞ കുട്ടികൾ പരസ്പരം കാണുമ്പോൾ സ്നേഹാഭിവാദ്യം നൽകുക
- ☞ തെറ്റുകൾ പറ്റിയാൽ മാപ്പ് പറയാൻ മടിക്കാതിരിക്കുക
- ☞ പ്രവർത്തനങ്ങൾ മടികൂടാതെയും അലസതയില്ലാതെയും മത്സരബുദ്ധിയോടും പൂർത്തീകരിക്കുക
- ☞ സത്കർമ്മ ഡയറിയിൽ എഴുതാവുന്ന നല്ല കാര്യങ്ങൾ ചെയ്യാൻ പരമാവധി ശ്രമിക്കുക
- ☞ class പിടിഎയിൽ സാന്നിധ്യം ഉറപ്പാക്കുക
- ☞ ക്ലാസ് PTA യിൽ റിപ്പോർട്ട് സമർപ്പിക്കുക
- ☞ ഭക്ഷണം കഴിക്കുന്നിടത്ത് ഭക്ഷണ അവശിഷ്ടങ്ങൾ വീഴാതെ ശ്രദ്ധിക്കുക



# CROPS

## കാർഷികം




**കുട്ടികളിൽ കൃഷിയോടും പ്രകൃതിയോടും പരിസ്ഥിതിയോടും സ്നേഹവും ആഭിമുഖ്യവും ഉണ്ടാക്കലും കൃഷി രീതികൾ , ജൈവവൈവിധ്യം മനസ്സിലാക്കുക**

- ☞ കമ്പോസ്റ്റ് നിർമ്മിക്കുക
- ☞ ഫലവൃക്ഷ സംരക്ഷണം
- ☞ ശാസ്ത്രീയ നാമങ്ങൾ ചെടികളിൽ എഴുതുക
- ☞ അടുക്കളത്തോട്ടം സംരക്ഷിക്കുക
- ☞ ഗാർഡനുകൾ പരിപാലിക്കുക
- ☞ ഔഷധത്തോട്ടം പരിപാലിക്കുക
- ☞ ആവാസവ്യവസ്ഥ തിരിച്ചറിയുക,ആവാസ വ്യവസ്ഥ നിലനിർത്താൻ വേണ്ട കാര്യങ്ങൾ ചെയ്യുക
- ☞ പക്ഷിമൃഗാദികൾക്ക് സംരക്ഷണം നൽകുക
- ☞ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഭൂമിയിൽ എവിടെയും വലിച്ചെറിഞ്ഞിട്ടില്ലെന്ന് ഉറപ്പുവരുത്തുക
- ☞ ജൈവവൈവിധ്യ പാർക്കിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുക



# CROPS

## കായികം ആരോഗ്യം

### കുട്ടികൾക്ക് കായികക്ഷമത ഉണ്ടാക്കലും ആരോഗ്യ ബോധവൽക്കരണം




- ☞ കുട്ടികളിലെ സ്പോർട്സ് താല്പര്യമുള്ള ഐറ്റങ്ങൾ ലിസ്റ്റ് ചെയ്യുക
- ☞ അഭിരുചിക്കനുസരിച്ചുള്ള കായിക പരിശീലനങ്ങളിൽ പങ്കെടുക്കുക
- ☞ കോച്ചിംഗ് ക്യാമ്പുകൾ കൃത്യസമയത്ത് ആരംഭിക്കുക
- ☞ ഫുട്ബോൾ ക്യാമ്പിന്റെയും അത്തലറ്റ് മത്സരങ്ങളുടെയും പരിശീലനങ്ങളിൽ പങ്കെടുക്കുക
- ☞ മദ്യം മയക്കുമരുന്ന് എന്നീ ദുശീലങ്ങൾക്കെതിരെ ബോധവൽക്കരണ പരിപാടികൾ നടത്തുക
- ☞ ജാഗ്രത സമിതി പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുക
- ☞ ഈ വർഷം മുൻഗണന നൽകുന്ന ഇനങ്ങൾ ലിസ്റ്റ് ചെയ്യുക



# CROPS

## കലാ സാംസ്കാരികം




കുട്ടികളിൽ കലാഭിമുഖ്യംവളർത്തുക സാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കാളിത്തം

☞ ക്ലാസ് സാഹിത്യ സമാജങ്ങൾ

☞ ഓരോ കുട്ടിയുടെയും അഭിരുചികൾ രേഖപ്പെടുത്തുക

☞ വർഷത്തിലൊരിക്കൽഒരു ചുമർ പത്രം ക്ലാസ് തലത്തിൽ പുറത്തിറക്കും

☞ സാഹിത്യകാരന്മാരെ പരിചയപ്പെടാൻ അവസരം ഒരുക്കും

☞ നാടക ട്രൂപ്പ് ഉണ്ടാകും,,ടെലി ഫിലിം സാധ്യത ഉപയോഗ പെടുത്തും..

☞ സ്കൂൾതല യുവജനോത്സവത്തിൽ പങ്കാളിത്തം ഉറപ്പാക്കും

☞ ദിനാചരണങ്ങൾക്ക് നേതൃത്വം വഹിക്കും

☞ സ്കൂൾതലത്തിൽ നടക്കുന്ന കലാപരിശീലനങ്ങളിൽ പങ്കാളിത്തം വഹിക്കും

☞ ക്ലാസ് പിടിഎയിൽ റിപ്പോർട്ടുകൾ സമർപ്പിക്കും, പതിപ്പുകൾ പ്രകാശനം ചെയ്യും

☞എഴുത്ത് കൂട്ടം പരിപാടി സംഘടിപ്പിക്കും,രക്ഷിതാക്കൾക്കും അവസരം



# 2023-24 ലെ തനതു പ്രവർത്തനംതുടരും...

## *'സെയ്ബ്യൂസ് തയാ സെയ്' (生物多様性)*

ഈ അക്കാദമിക വർഷത്തിലെ തനതു പ്രവർത്തനം.ജൈവവൈവിധ്യ പാർക്ക് 生物多様性. ECO-CLUB ചുമതല ഏറ്റെടുത്തു പ്രവർത്തനങ്ങൾ ആരംഭിച്ചു.താഴെ പറയും വിധം നടപ്പിലാക്കുന്നു.

- ➔ ശലഭോദ്യാനം
- ➔ ഹരിതവത്കരണം
- ➔ നക്ഷത്ര വന സംരക്ഷണം
- ➔ വൃക്ഷങ്ങളുടെ പേര് പ്രദർശനം
- ➔ പുതിയ വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കൽ
- ➔ ബഡ്ഡിങ് പരിശീലനം
- ➔ ജൈവവേലി
- ➔ ജൈവവള നിർമാണം
- ➔ പച്ചക്കറിത്തോട്ടം




87WG+CQQ BVM High School,
Kalletumkara, Kerala 680683,
Lat: 10.346153, Long: 76.277134
12 Sept, 24, 03:05 pm, Thursday
0°
NE

ചെണ്ടുമല്ലി കൃഷി

# അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം

| SL NO | ACTIVITIES | DURATION | PRODUCTS | SUPPORT |
|---|---|---|---|---|
| 1 | പത്രവായന | വർഷം മുഴുവൻ | സ്വതന്ത്ര വായന,മലയാള ഭാഷാ ശുദ്ധി,അക്ഷരം,വാക്യം ഉറപ്പിക്കൽ | |
| 2 | അറിവിന്റെ വഴിയിൽ(UP&HS) | ആഴ്ചയിലൊരിക്കൽ | വിജ്ഞാനം ആർജ്ജിക്കൽ | |
| 3 | പ്രഭാഷണം(ഓരോ ക്ലാസ് ഒരു കുട്ടി) | മാസംതോറും | ഭാഷയിൽ സ്വയം പര്യാപ്തി,ആത്മ വിശ്വാസം,നേതൃത്വ ഗുണം,സഭാകമ്പം ഇല്ലാതാക്കൽ | |
| 4 | പുസ്തക പരിചയം | മാസംതോറും | സാഹിത്യകാരന്മാരേയും,കൃതികളേയുംകുറിച്ച് അവബോധം | |
| 5 | പതിപ്പ് നിർമാണം5-10 | എല്ലാ ടേമിലും | സർഗ ശേ,ി വികസനം,രക്ഷിതാക്കളെ ബോധവത്ക്കരിക്കൽ, | |
| 6 | സാഹിത്യ കളരി(ക്ലാസ്സ്തലം) | എല്ലാ ടേമിലും | കവിതയിലൂടെ കവികളെ അറിയൽ,കഥ,നോവൽ,ആട്ടക്കഥ സമകാലിക സാഹിത്യരൂപങ്ങൾ പരിചയപ്പെടുക | |
| 7 | നാടൻ പൂക്കൾ ശേഖരണ മേള(സ്കൂൾതലം) | ഓണക്കാലം | നാടൻ പൂക്കൾ കണ്ടെത്തി പരിചയപ്പെടുന്നു. | |
| 8 | ദൃശ്യാവിഷ്കാരം(ക്ലാസ്സ്തലം) 5-10 | പാഠഭാഗം | സ്ഥൂല പഠനത്തിൽ നിന്ന് സൂക്ഷമത്തിലേക്ക്. | |

| | | | | |
|---|---|---|---|---|
| 9 | ചരിത്രത്തിൽ ഇന്ന് (ഓൺ ലൈൻ ക്ലാസ്സ് ഗ്രൂപ്പ്) | എല്ലാ ദിവസവും | ചരിത്രം അറിയാനം,വർത്തമാന കാല പരിചയവും | |
| 10 | ഇൻലന്റ് മാഗസിൻ(up&hs) | വർഷം ഒന്ന് | അന്യം നിന്നുകൊണ്ടിരിക്കുന്നഒരി വായനാനുഭവത്തെ ലാളിത്യത്തോടെ ആവിഷ്ക്കരിക്കൽ | |
| 11 | സിനിമ പ്രദർശനം(up&hs)ക്ലാസ്സത ലം | ക്ലബ് പ്രവർത്ത നം | സനിമ സാഹിത്യം,തിരക്കഥ | |
| 12 | ദിനാചരണങ്ങൾ മഹാന്മാരുടെ ജന്മദിനങ്ങൾ(up&hs _online) | ക്ലാസ്സ ഗ്രൂപ്പ് അസംബ്ലി | സാഹിത്യം ആഴത്തിലറിയാൻ സമകാലിക അവബോധം തിരിച്ചറിവുകൾ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ – സംസ്കൃതം

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ഉൽപന്നങ്ങൾ |
|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം | **UP**<br>• അക്ഷരങ്ങൾ,<br>• ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>• അക്ഷര കാർഡുകളുടെ സഹായത്തോടെ വാക്കുകളുടെ നിർമാണം<br>• ബാലകവിതകൾ കേൾക്കാനും കാണാനും അവസരം<br>**HS**<br>• അടിസ്ഥാന വ്യാകരണങ്ങളിലൂടെ വാക്യ നിർമാണം<br>• തുടർച്ചയായ വായന | ജൂൺ – ആഗസ്റ്റ്<br>ജൂൺ – ആഗസ്റ്റ്<br>വർഷം മുഴുവൻ | അക്ഷരകാർഡ്,<br>സചിത്ര ചാർട്ടുകൾ<br>മധുവാണി<br>വീഡിയോകൾ,<br>ലകാരങ്ങൾ, ക്രിയാപദങ്ങൾ തുടങ്ങിയവയുടെ ചാർട്ടുകൾ<br>പാഠപുസ്തകം, ലൈബ്രറി പുസ്കങ്ങൾ |

| | | | | |
|---|---|---|---|---|
| 2 | സംസ്കൃത ഭാഷയോടുള്ള അഭിരുചി വർധിപ്പിക്കുക | സംസ്കൃതദിനത്തോടനു ബന്ധിച്ച് വിവിധ മത്സരങ്ങൾ നടത്തുക | ആഗസ്റ്റ് 30 | |
| 3 | മത്സര പരിശീലനം | • **UP & HS**<br>• സ്കൂൾ -ഉപജില്ലാ തലങ്ങളിൽ നടക്കുന്ന മത്സരങ്ങൾക്ക് വിദ്യാർത്ഥികളെ തയ്യാറാക്കുക<br>• സംസ്കൃത സ്കോളർ ഷിപ്പ് പരീക്ഷക്ക് പരിശീലനം നൽ കുക | ആഗസ്റ്റ് - നവംബർ<br><br>സെപ്റ്റംബർ- ജനുവരി | |
| 4 | സചിത്ര വായന<br><br>ജീവിത മൂല്യങ്ങൾ തിരിച്ചറിയുക | **UP**<br>up ക്ലാസിലെ പാഠഭാഗങ്ങൾക്കനുസരിച്ച് ചിത്രങ്ങൾ ശേഖരിച്ച് പുസ്തകരൂപത്തൽ തയ്യാറാക്കുക<br><br>**HS**<br>• ആഴ്ചയിൽ ഒരു സുഭാഷിതം പരിചയപ്പെടുത്തി ആശയം മനസ്സിലാക്കുന്നു | വർഷം മുഴുവൻ<br><br>വർഷം മുഴുവൻ | ചിത്ര പുസ്തകം<br><br>സുഭാഷിത ശേഖരം |

# അറബി

| ക്രമ നം | ലക്ഷ്യം | പ്രവർത്ത നം | സമയം | ഭൗതികം | പിന്തു ണ |
|---|---|---|---|---|---|
| 1 | Up തലംഎല്ലാ വർക്കും അക്ഷരം ഉറപ്പിക്കൽ | ഭാഷാകേളികൾ വീഡിയോ കാണിക്കൽ | 2 മാസം | സിഡി പുസ്തകം വർക്കുഷീറ്റുകൾ | Brc diet |
| 2 | ഒഴുക്കോ ടെ സംസാരി ക്കാൻ | വായന മത്സരം ക്ലാസ് ലൈബ്രറി അറബിക് പത്ര വാർത്ത | 6 മാസം | പത്രങ്ങൾ , മാഗസിൻസ്, സ്കൂൾ ലൈബ്രറി | |
| 3 | എഴുത്തില്യ ടെയും വായനയി ലൂടെയും ഭാഷാശേ ഷി പരിപോ ഷിപ്പിക്കാ ൻ | പതിപ്പുനിർമ ാണം,ചുമർ ചിത്രങ്ങൾ, പോസ്റ്ററുകൾ | 10 മാസം | അസ്സംബ്ലി,ചാർട്ടു കൾ,പത്രങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| 4 | ഭാഷാപഠനത്തിൽ ഐസിടിയുടെ സാധ്യത പ്രയോജനപ്പെടുത്ത◌ാനുമുള്ള കഴിവ്കുട്ടികളിൽ വളർത്തിയെടുക്കാനം | ലിസണിങ്,അസസ്പീക്കിങ്,യ◌ാത്രകൾ,കല◌ാമേളകൾ, അസ്സംബ്ലി,ആശയവിനിമയം ,ദിനേന ഒരു വാക്ക്,മാസം തോറും ഒരു വാചകം | 6 മാസം | It lab,cd | |
| 5 | സർഗാത്മക ശേഷി ഭാഷയിലൂടെ | അറബിക് ആനിമേഷൻ, ഭാഷസാഹിത◌്യ മത്സരങ്ങൾ, സാഹിത്യ മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ | 10 മാസം | | |

# ACADEMIC MASTER PLAN-ENGLISH(HS)

| SL NO | ACTIVITIES | DURATION | AIM | CLASS |
|---|---|---|---|---|
| 1 | STORY TIME<br>Finding story parts from the lessons.<br>Dramatization, Role play, Radio drama&Narration. | JUNE, JULY | Language development<br><br>writing skills, acting, planning, listening skills&reading skills. | 8,9&10 |
| 2 | BIO-DATA | JUNE | JOB OPPORTUNITIES | 9 |
| 3 | SCRIPT WRITING | AUG, SEP&OCT | WRITING SKILLS | 10 |
| 4 | SHIRT FILM | JAN &FEB | ACTING, HANDLING CAMERA, VIDEO EDITING | 10 |
| 5 | RECITATION | NOV&DEC | YOUTH FESTIVAL | 89&10 |
| 6 | DISCOURSES | JUNE - DEC | DIARY, DIALOGUE, LETTER, NEWS PAPER REPORT, PROFILE&NARRATIVE | 9,10 |
| 7 | GRAMMAR TIME | SEP - OCT | LANGUAGE PROFICIENCY | 8,9 |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ഹിന്ദി

## शैक्षणिक गतिविधियाँ

२०२५ जून से मार्च तक

- नव अध्ययन साल के पहले दो हफ़्ते हिंदी मूल बातें पढ़ाने का समय।
- हफ़्ते में एक दिन हिंदी में प्रार्थना सभा ।

(प्रार्थना सभा में:
हिंदी प्रार्थना गीत,
हिंदी प्रतिज्ञा,
हिंदी में सुविचार,
हिंदी में मुख्य समाचार,
छोटी कविता/छोटी कहानियों की प्रस्तुति(वैकल्पिक सप्ताहों पर)

- महीने में एक कविता का परिचय ( कलोत्सव  पर कवितालापन प्रतियोगिता में भाग लेने केलिए)
- हर महीने के अंत में इकाई मूल्यांकन
- 8,9 और 10 कक्षा के छात्रों केलिए हर हफ़्ते मे एक बार दैनिक जीवन में आनेवाली बातचीत की तैयारी और अपनी कक्षा में उसकी प्रस्तुति।

| क्रमांक | दिन | प्रक्रिया | कक्षा |
|---|---|---|---|
| 01 | जून 05 | पेड़ नामक कविता का आलापन,पेड़ संबंधी सुरीली हिंदी की कविता **चम चम करता पेड़** का दृश्याभास, जूलिया और लूना की कहानी की वीडियो प्रदशनी | 8 |
| | | पोस्टर रचना प्रतियोगिता (विषय-’प्रकृति सबका घर) | UP&HS |

| | | | |
|---|---|---|---|
| 02 | जून 19 वाचन दिवस<br><br>जून 30 मूल्यांकन<br>,, | एक हफ्ते का कार्यक्रम<br>19th -प्रार्थना सभा में **वाचन के महत्त्व** पर भाषण<br>20th-<br>श्रुतलेखन प्रतियोगिता<br>वाचन प्रतियोगिता<br>23rd<br>**वाचन का महत्व आज** विषय पर पोस्टर रचना प्रतियोगिता<br>24th<br>हिंदी की पुस्तकों की प्रदर्शनी<br>25th<br>कक्षा में वाचन कोने का उद्घाटन<br><br>यात्रावृत्त संकलन का प्रकाशन | कक्षा 6-10<br>कक्षा 5-10<br>स्कूल में<br>up&hs<br>UP&HS<br>कक्षा 10 |
| 03 | जुलाई 31 प्रेमचंद दिन | 1. प्रेमचंद की कहानियों की वीडियो प्रदर्शनी<br><br>2. प्रेमचंद की वेशभूषा में एक बच्चा आकर प्रेमचंद का अपना परिचय और उनके | स्कूल में जुलाई 15 से31 तक दुपहर के अंतराल में।<br><br>प्रार्थना सभा में या विशेष समारोह में |

| | | | |
|---|---|---|---|
| | मासिक परीक्षा | साहित्य का परिचय देता है-प्रार्थना सभा में<br><br>3. पोस्टर प्रतियोगिता<br><br>4. प्रश्नोत्तरी | UP&HS<br><br>HS |
| 04 | अगस्त 15 स्वतंत्रता दिवस<br><br>मासिक परीक्षा | 1) देशभक्ति गीतों का संकलन और उसकी हस्त लिखित पुस्तक की तैयारी<br><br>2) हिंदी के देशभक्ति गानालापन की प्रतियोगिता<br><br>3) आज़ादी के आंदोलन में भाग लिए महात्माओं के डिजिटल मैगसिन की तैयारी<br><br>4) देशभक्ति नारा लेखन प्रतियोगिता | HS<br><br>UP&HS<br><br>HS<br><br>8 |
| 5 | सितंबर<br>05 अध्यापक दिवस | हिंदी मंच के नेतृत्व में छात्र सभी अध्यापकों को हिंदी में लिखे बधाई कार्ड देते हैं। | हिंदी मंच |

| | | | |
|---|---|---|---|
| | हिंदी दिवस की तैयारियाँ<br><br>08<br><br>09<br><br>10<br><br>14 हिंदी दिवस<br><br>30 | निबंध रचना प्रतियोगिता-विषय-हिंदी भाषा और केरल<br><br>प्रश्नोत्तरी<br><br>पोस्टर रचना प्रतियोगिता<br><br>विशेष समारोह<br>किसी महान(कवि या साहित्यकार) को बुलाकर एक भाषण ।<br>पंचायत अध्यक्ष/वार्ड अंग अध्यक्ष।<br>हिंदी के अध्ययन उपजों की प्रदर्शनी।<br>बच्चों के मनोरंजन कार्यक्रम<br>सभी छात्र बधाई बाड्ज पहनते हैं।<br>प्रतियोगिता के विजेताओं को पुरस्कार वितरण।<br>मासिक परीक्षा | HS<br><br>UP&HS<br><br>UP&HS |
| 06 | 02 अक्तूबर | हिंदी मंच द्वारा सर्व धर्म प्रार्थना।<br>गांधी सूक्तों की प्रस्तुति। | हर कक्षा से एक |

| | | | |
|---|---|---|---|
| | | टर्म परीक्षा के लिए मॉडल प्रश्न पत्र तैयार किए जाते हैं और परीक्षा आयोजित की जाती है। पुनरीक्षण कार्य किया जा रहा है। | सभी कक्षा के लिए |
| 07 | नवंबर 14 बाल दिवस | मुस्कान प्रतियोगिता<br>भाषण प्रतियोगिता<br>हर कक्षा से चाचाजी के रूप चुना गया छात्र प्रत्येक कक्षा में बाल शिक्षक के रूप में कक्षा चलाती है। | UP<br>कक्षा 5-8<br>कक्षा 5-8 |
| 08 | दिसंबर | संस्मरण की ऑडियो सुनाती हैं।<br>स्कूली स्मृतियों पर लिखी गई कविताओं एवं कहानियों के संकलन का विमेचन कार्य चलाता है।<br>क्रिसमस के अवसर पर बधाई कार्ड प्रतियोगिता<br>मासिक परीक्षा | कक्षा 10<br>कक्षा 8<br>UP&HS |
| 09 | जनवरी<br>जनवरी 10 विश्व हिंदी दिवस | हफ्ते में एक कालांश श्रुतलेखन प्रतियोगिता<br>हिंदी को राष्ट्रभाषा बनाने का अनुरोध करते हुए प्रधानमंत्री के नाम ई-मेल या पत्र | कक्षा 5-9<br>कक्षा 7-10<br>सभी छात्र |

| | | | |
|---|---|---|---|
| | जनवरी 26 | हिंदी नारा लगाकर जुलूस<br><br>मासिक परीक्षा | |
| 10 | फरवरी | युद्ध विरोधी नारेवाली भीत-पत्रिका लगाती है।<br>कक्षाई उपजों के पोर्टफोलियो का विमोचन<br>मासिक परीक्षा | कक्षा 8<br><br>कक्षा 5-10 |
| 11 | मार्च | टर्म परीक्षा के लिए मॉडल प्रश्न पत्र तैयार किए जाते हैं और परीक्षा आयोजित की जाती है। पुनरीक्षण कार्य किया जा रहा है।<br>हिंदी उत्सव चलाता है | सभी कक्षा केलिए |

# ENGLISH (UP)

| SL NO. | PROGRAMME | ACTIVITIES | TEACHING AID | DURATION |
|---|---|---|---|---|
| 1 | FIX THE ALPHABET | *LISTENING RHYMES<br>*PHONIC RHYMES | VIDEOS | JUNE-JULY |
| 2 | TO IMPROVEREADING HABITS | * PICTURE READING<br>*READING CARDS<br>*SHORT STORY BOOKS<br>*M GURU PORTAL | READING CARDS<br>ICT | JUNE-MARCH |
| 3 | TO IMPROVE WRITING SKILL | *COPY WRITING<br>*WORK SHEETS | WORK SHEETS | |

| | | | | |
|---|---|---|---|---|
| | | *DICTIONARY MAKING | BIG BOOK | |
| 4 | PUBLIC SPEAKING | *NEWS READING<br>*CONDUCTING ASSEMBLY | NEWS REPORT WITH AUDIO CLIP PROVIDED THROUGH WHATSAPP | EVERY FRIDAY |
| 5 | ENGLISH CLUB | *RECITATION &SPEECH<br>*SCRIPT WRITING&ROLE PLAY | HELLO ENGLISH READING CARDS&STORY BOOKS | OTOBER<br><br>JANUARY |

# SOCIAL SCIENCE

| SL NO | ACTIVITIES | DURATION | PRODUCTS | PARTICIPATION |
|---|---|---|---|---|
| 1 | Social science club രൂപീകരണം | June - March | lab സജ്ജീകരണം globes &maps | up&hs ss teachers, management&club members |
| 2 | വാർത്ത ബുള്ളറ്റിൻ ബോർഡ് (std7-10) | June-feb. | പ്രാദേശിക,ദേശീയ,അന്താർദേശീയ വിവരങ്ങൾ | |

| | | | | |
|---|---|---|---|---|
| | | | അറിയുന്നതിന് | |
| 3 | ഭൂപട വായനയും (5-10) നിർമാണവും(8-10) | june-sep | Atlas, maps, globes | |
| 4 | <u>ദിനാചരണങ്ങൾ</u><br>➢ WORLD OCEAN DAY<br>➢ WORLD POPULATION DAY<br>➢ HIROSHIMA DAY<br>➢ NAGASAKKI DAY<br>➢ INDEPENDENCE DAY<br>➢ GANDHI JAYANTHI<br>➢ UN DAY<br>➢ CHILDRENS' DAY<br>➢ SOCIAL SCIENCE DAY<br>➢ HUMAN RIGHTS DAY<br>➢ REPUBLIC DAY | JUNE 8<br>JULY11<br>AUG.6<br>AUG.9<br>AUG 15<br>OCT. 2<br>OCT.24<br>NOV. 14<br>DEC. 10<br>JAN.26 | VIDEO PRESENTATION,SPEECH,QUIZ,PLACARDS,POSTERS,DEBATES,PANEL DEBATES, മുതലായ പ്രവർത്തനങ്ങളിലൂടെ ചരിത്ര സത്യങ്ങൾ അറിയുന്നു.ബോധവത്കരണ ഉപാധികൾ അറിയുന്നു. | SS CLUB &IT CLUB |
| 5 | SCHOOL PARLIAMENT ELECTION(STD 5-10) AWARENESS CLASS | AUG 1ST WEEK | | |
| 6 | QUIZ COMPETITIONS(5-10) | JULY,SEPT.,NOV.&JAN. | | |
| 7 | പ്രസംഗ മത്സരം (STD5-10) | 1ST TERM&2ND TERM | | |
| 8 | പഠനയാത്ര,വ്യവസായ | NOV. | റിപ്പോർട്ട് | |

| | | | | |
|---|---|---|---|---|
| | ശാല സന്ദർശനം (STD9&10) | | | |
| 9 | പത്രവായന മത്സരം(STD 5-10) | JULY-FEB | വായനയിലെ പ്രാവീണ്യം&ഉപജില്ല മത്സരം | മലയാളം ക്ലബ് |
| 10 | സെമിനാർ,പ്രോജക്ട്,അസൈന്മെന്റ്,റെക്കോർഡ് (STD5-10) | JUNE-DEC | പാഠഭാഗങ്ങളെ ആഴത്തിലറിയുന്നു. | IT LAB |

# BASIC SCIENCE

| SL NO | ACTIVITIES | DURATION | CLASS | AIM |
|---|---|---|---|---|
| 1 | പ്രത്യേക പരിശീലനം | 8 മാസം | 5-9 | പിന്നോക്കക്കാരെ മുന്നോട്ടെത്തിക്കുന്നതിന് |
| 2 | പരീക്ഷണ നിരീക്ഷണങ്ങളിലേർപ്പെടുക | യൂണിറ്റടിസ്ഥാനത്തിൽ | 5-10 | ശാസ്ത്ര വിഷയങ്ങളോടുള്ള അഭിരുചി വളർത്തുന്നതിന് |
| 3 | ശാസ്ത്ര പുസ്തകം പരിചയപ്പെടുത്തുന്നു | മാസത്തിലൊരിക്കൽ | 5-9 | “ശാസ്ത്ര വിഷയങ്ങളോടുള്ള അഭിരുചി വളർത്തുന്നതിന് |
| 4 | CONDUCT SCIENCE WORKSHOP | ONCE IN A YEAR | 8-10 | നിത്യജീവിതത്തിൽ കുട്ടികൾ അറിഞ്ഞിരിക്കേണ്ട അറിവുകൾ നേടുന്നതിന് |

| | | | | |
|---|---|---|---|---|
| 5 | പഠനോപകരണങ്ങൾ തയ്യാറാക്കൽ | യൂണിറ്റടിസ്ഥാനം | 5-10 | ചിലവു കുറഞ്ഞതും പ്രാദേശികമായി ലഭ്യവുമായ വിഭവങ്ങളും കൊണ്ട് പഠനോപകരണം |
| 6 | ശാസ്ത്ര മേളകൾ | ONCE IN A YEAR | 5-10 | ശാസ്ത്ര വിഷയങ്ങളോടുള്ള അഭിരുചി വളർത്തുന്നതിന് |
| 7 | പഠനയാത്ര | ONCE IN A YEAR | 5-10 | ശാസ്ത്ര വിഷയങ്ങളോടുള്ള അഭിരുചി വളർത്തുന്നതിന് |
| 8 | പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനം | JAN, FEB&MAR | 10 | ഉയർന്ന ഗ്രേഡിനർഹരാക്കുക |

# MATHEMATICS

| SL NO | PROGRAMME | DURATION | ACTIVITIES | PRODUCTS |
|---|---|---|---|---|
| 1 | സംഖ്യാവായന,എഴുത്ത് ഉറപ്പിക്കൽ(അക്കത്തിലും അക്ഷരത്തിലും)ഒരക്ക സംഖ്യ മുതൽ കോടി വരെ | JUNE,JULY | ➔ മുത്തുകൾ ഉപയോഗിച്ച് എണ്ണൽ<br>➔ സംഖ്യാമാല<br>➔ സംഖ്യാ കാർഡുകൾ<br>➔ ആവർത്തന വായന<br>➔ അബാക്കസ്,ചിത്രങ്ങൾ,എന്നിവ ഉപയോഗിച്ച് സംഖ്യാനിർമാണം<br>➔ നമ്പർ സ്ലിപ്പ്സ്<br>➔ സംഖ്യാകേളി | നമ്പർ സ്ലിപ്പ്<br><br>സ്ഥാനവില പോക്കറ്റ് |

| | | | | |
|---|---|---|---|---|
| | | | ➔ പ്പർ കട്ടിങ് ശേഖരം<br>➔ സ്ഥാനവില പോക്കറ്റ് നിർമാണം<br>➔ സ്ഥാനവില കപ്പ്സ്<br>➔ പദസൂര്യൻ<br>➔ സംഖ്യകൾ അക്ഷരത്തിലെഴുതൽ. | സ്ഥാനവില കപ്പ്സ് |
| 2 | എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന് | AUG,SEP, OCT | ➢ സംഖ്യാകാർഡുകൾ തമ്മിൽ കൂട്ടിയുള്ള സങ്കലനം<br>➢ പത്തിന്റെ കൂട്ടങ്ങളാക്കൽ(കല്ല്,കാിലി,വളപ്പൊട്ട്,മഞ്ചാടിetc ) ഉപയോഗിച്ച്<br>➢ ഗ്രൂപ്പുകൾ തിരിഞ്ഞുള്ള സങ്കലനം<br>➢ കുസൃതി കണക്കുകൾ അവതരണം (സങ്കലനം നിയമത വ്യവകലനം ഗുണനം ഹരണം) എന്നിവ ഉൾപ്പെടുന്ന<br>➢ പസ്സിൽ നിർമ്മാണം<br>➢ പ്രോജക്ട്<br>➢ ഗണിതകേളി<br>➢ കടയിൽ നിന്ന് സാധനങ്ങൾ വാങ്ങി കൂട്ടൽ കുറയ്ക്കൽ എന്നിവ പരിശീലിക്കുന്നു<br>➢ വർക്ക് ഷീറ്റ് നിർമിച്ച് പതിപ്പ് തയ്യാറാക്കൽ<br>➢ ഗണിത കലണ്ടർ നിർമ്മാണം | പസ്സിൽസ് ശേഖരം,<br>പ്രോജക്ട് റിപ്പോർട്ട്<br>വർക്ക് ഷീറ്റ് പതിപ്പ്<br>ഗണിത കലണ്ടർ |

| | | | | |
|---|---|---|---|---|
| | | | ➢ നമ്പർ വീൽ പ്രവർത്തനം<br>➢ ഫ്രാക്ഷൻ ഡിസ്ക് ചിത്രങ്ങൾ ഉപയോഗിച്ചുള്ള പഠനം<br>➢ ചിത്രങ്ങൾ ഉപയോഗിച്ചുള്ള പഠനം<br>➢ പച്ചക്കറിത്തോട്ട വിഭജനം<br>➢ ക്ലാസിലെ കുട്ടികളുടെ ഉയരം അളക്കൽ<br>➢ ചാടിയ ദൂരം അളക്കൽ താരതമ്യം ചെയ്യൽ കൂട്ടൽ കുറയ്ക്കൽ<br>➢ പ്രായോഗിക പ്രശ്നപരിഹരണം (ഭിന്നസംഖ്യകൾ ദശാംശ സംഖ്യകൾ സാധാരണ സംഖ്യകൾ) | |
| 3 | കൃത്യതയോടെയും സൂക്ഷമതയോടെയും ജ്യാമിതീയ രൂപങ്ങൾ നിർമിക്കൽ | NOV,DEC | • സ്കെയിൽ കോമ്പസ് മട്ടം എന്നിവയുടെ ഉപയോഗം മനസ്സിലാക്കൽ<br>• ഐസിടി സാധ്യത ഉപയോഗപ്പെടുത്തി ഗണിത രൂപങ്ങൾ പരിചയപ്പെടൽ<br>• ടാൻഗ്രാം ചിത്രങ്ങളുടെ നിർമിതി<br>• പ്രകൃതിയിലെ ജാമിതീയ രൂപങ്ങൾ | ടാൻഗ്രാം ചിത്ര ശേഖരം<br><br>ജ്യാമിതീയ രൂപങ്ങളുടെ പതിപ്പ് |

| | | | | |
|---|---|---|---|---|
| | | | കണ്ടെത്തൽ<br>• വീടിന്റെ പ്ലാൻ വരക്കൽ<br>• വൃത്ത വിഭജനം<br>• ക്ലോക്കിലെ വിവിധ സമയങ്ങളുടെ കോണളവ്<br>• സമാന്തര വരകൾ<br>• ചതുരം സമചതുരം വൃത്തം ത്രികോണം മുതലായവ ഉൾപ്പെടുന്ന ഗണിതരൂപങ്ങളുടെ പതിപ്പ് തയ്യാറാക്കൽ | |
| 4 | ഗണിതാഭിരുചി വളർത്തുന്നതിന് | JAN, FEB | ✗ വിവിധ ഗണിത കേളികൾ നടത്തുന്ന<br>✗ റിവേഴ്സ് ക്വിസ്<br>✗ ഗണിതഗാന ശേഖരണം<br>✗ ഗണിത നിഘണ്ടു നിർമാണം<br>✗ കണക്കിലെ കളികൾ ശേഖരണം<br>✗ കുസൃതി കണക്കുകൾ ശേഖരണം<br>✗ ചിന്തോദ്ദീപക ചോദ്യങ്ങൾ ശേഖരണം<br>✗ ഗണിത ശാസ്ത്രജ്ഞർ അവരുടെ സംഭാവനകൾ (സെമിനാർ)<br>✗ ഗണിത നാടകം<br>✗ ഗണിതോത്സവം | ിവിധ ശേഖരങ്ങൾ ഗണിത ഗാനം കണക്കിലെ കളികൾ കുസൃതി കണക്കുകൾ ഗണിത നിഘണ്ടു സെമിനാർ പേപ്പേഴ്സ് |

# അക്കാദമിക കലണ്ടർ 2025-26

## BVMHS KALLETTUMKARA

## ജൂൺ

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| 01 | 02 പ്രവേശനോത്സവം | 03 | 04 | 05 പരിസ്ഥിതി ദിനം | 06 | 07 |
| 08 ലോക സമുദ്ര ദിനം | 09 | 10 | 11 | 12 | 13 | 14 രക്ത ദാന ദിനം |
| 15 | 16 | 17 | 18 | 19 വായന ദിനം | 20 | 21 യോഗ ദിനം |
| 22 | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | | | | | |

# അക്കാദമിക കലണ്ടർ 2025-26

## BVMHS KALLETTUMKARA

## ജൂലായ്

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| | | 01 | 02 | 03 | 04 | 05 |
| 06 | 07 | 08 | 09 | 10 | 11 ജന സംഖ്യ ദിനം | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 ചാന്ദ്ര ദിനം | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | 31 പ്രേം ചന്ദ് ദിനം | | |

# അക്കാദമിക കലണ്ടർ 2025-26

## BVMHS KALLETTUMKARA

## ആഗസ്റ്റ്

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| 31 | | | | | 01 | 02 |
| 03 | 04 | 05 | 06 ഹിരോഷിമ ദിനം | 07 | 08 | 09 നാഗസാക്കി ദിനം ക്വിറ്റിൻഡ്യ ദിനം |
| 10 | 11 | 12 | 13 | 14 | 15 സ്വാതന്ത്ര്യ ദിനം | 16 |
| 17 കർഷകദിനം | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |

# അക്കാദമിക കലണ്ടർ 2025-26

## BVMHS KALLETTUMKARA

## സെപ്റ്റംബർ

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| | 01 | 02 | 03 | 04 ഒന്നാം ഓണം | 05 അദ്ധ്യാപക ദിനം രണ്ടാംഓണം | 06 മൂന്നാം ഓണം |
| 07 നാലാം ഓണം | 08 ലോക സാക്ഷരത ദിനം | 09 | 10 | 11 | 12 | 13 |
| 14 ദേശീയ ഹിന്ദി ദിനം | 15 | 16 | 17 വിശ്വ കർമദിനം | 18 | 19 | 20 |
| 21 ശ്രീനാരായണ ദിനം | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | | | | |

# അക്കാദമിക കലണ്ടർ 2025-26

## BVMHS KALLETTUMKARA

### ഒക്ടോബർ

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| | | | 01 മഹാ നവമി | 02 ഗാന്ധി ജയന്തി | 03 | 04 |
| 05 | 06 | 07 | 08 | 09 ലോക തപാൽ ദിനം | 10 ദേശീയ തപാൽ ദിനം | 11 |
| 12 | 13 സംസ്ഥാന കായിക ദിനം | 14 | 15 ലോക വിദ്യാർത്ഥി ദിനം | 16 ലോക ഭക്ഷ്യ ദിനം | 17 | 18 |
| 19 | 20 ദീപാവലി | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

# അക്കാദമിക കലണ്ടർ 2023-24

## BVMHS KALLETTUMKARA

## നവംബർ

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| 30 | | | | | | 01 കേരള പിറവി ദിനം |
| 02 | 03 | 04 | 05 | 06 | 07 സി വി രാമൻ ദിനം | 08 |
| 09 | 10 | 11 ദേശീയ വിദ്യാഭ്യാസദിനം | 12 | 13 | 14 ശിശു ദിനം | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 ഭരണഘടന ദിനം | 27 | 28 | 29 |

# അക്കാദമിക കലണ്ടർ 2023-24

## BVMHS KALLETTUMKARA

## ഡിസംബർ

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| | 01 എയ്ഡ്സ് ദിനം | 02 | 03 | 04 | 05 | 06 |
| 07 | 08 | 09 | 10 സാമൂഹ്യ ശാസ്ത്ര ദിനം | 11 | 12 | 13 |
| 14 ദേശീയ ഊർജ സംരക്ഷണ ദിനം | 15 | 16 | 17 | 18 അന്തർ ദേശീയ അറബി ദിനം | 19 | 20 |
| 21 | 22 | 23 | 24 | 25 ക്രിസ്മസ് | 26 | 27 |
| 28 | 29 | 30 | 31 | | | |

# അക്കാദമിക കലണ്ടർ 2023-24

## BVMHS KALLETTUMKARA

## ജനുവരി

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| | | | | 01 ന്യൂ ഇയർ | 02 മന്നം ജയന്തി | 03 |
| 04 | 05 | 06 | 07 | 08 | 09 | 10 ലോക ഹിന്ദി ദിനം |
| 11 | 12 | 13 | 14 | 15 | 16 | 17 |
| 18 | 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 | 31 |

# അക്കാദമിക കലണ്ടർ 2025-26

## BVMHS KALLETTUMKARA

### ഫെബ്രുവരി

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| 01 | 02 | 03 | 04 | 05 | 06 | 07 |
| 08 ലോക സമുദ്ര ദിനം | 09 | 10 | 11 | 12 | 13 | 14 രക്ത ദാന ദിനം |
| 15 | 16 | 17 | 18 | 19 | 20 | 21 മാതൃ ഭാഷ ദിനം |
| 22 ലോക സ്കൗട്ട് ദിനം | 23 | 24 | 25 | 26 | 27 | 28 ദേശീയ ശാസ്ത്ര ദിനം |
| | | | | | | |

# അക്കാദമിക കലണ്ടർ 2025-26

## BVMHS KALLETTUMKARA

### മാർച്ച്

| SUN | MON | TUE | WED | THU | FRI | SAT |
|---|---|---|---|---|---|---|
| 01 | 02 | 03 | 04 | 05 | 06 | 07 |
| 08 | 09 | 10 | 11 | 12 | 13 | 14 |
| 15 | 16 | 17 | 18 | 19 | 20 | 21 ലോക വന വത്കരണ ദിനം |
| 22 ലോക ജല ദിനം | 23 | 24 | 25 | 26 | 27 | 28 |
| 29 | 30 | 31 | | | | |

# നന്ദി